(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പുതുതായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് പരമാവധി ബി.എം. & ബി.സി. പ്രതലമാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് നിശ്ചിത കാലയളവിലേക്കുള്ള ഗ്യാരണ്ടിയും നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും, 1200 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ദേശീയപാതകളായ എൻ.എച്ച്. 47-ഉം, എൻ.എച്ച്. 17-ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് 5 ദേശീയപാതകളായ എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

റോഡ് വികസനത്തിന് സ്വീകരിച്ച നടപടികൾ

221 (3972) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള അങ്ങാടിക്കൽ-അയിനികളം-തോട്ടമുക്ക്-കരിശ്ശുംമൂട് റോഡ് വികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ റോഡിൽ ചെ. 0/000 മുതൽ 1/500 വരെ പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ചെ. 1/500 മുതൽ 2/200 വരെ പണികൾ നടന്നുവരുന്നു. ചെ. 2/200 മുതൽ 4/000 വരെയുള്ള പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

മലയോര ഹൈവേ നിർമ്മാണം

222 (3973) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിച്ച് യാത്ര സുഗമമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് മുതൽ പുരുഷൻഗഡി വരെ 4/700 കി.മീ. നീളത്തിൽ പ്രവൃത്തി പൂർത്തീകരിച്ചു. പുരുഷൻഗഡി മുതൽ ഇടിയടുക്ക വരെ കി.മീ. 4/700 മുതൽ 17/200 വരെയുള്ള പ്രവൃത്തിക്ക് 650 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുപുഴ മുതൽ വള്ളിക്കടവ് വരെ 2.50 കി.മീ. നീളത്തിൽ പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. കൂടാതെ, ഹിൽ ഹൈവേയിൽ വരുന്ന അത്തനടി പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ഇതുകൂടാതെ സംസ്ഥാന സർക്കാർ 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP) പ്രകാരം, കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീ. ഹിൽ ഹൈവേക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

കാലടി - മഞ്ഞപ്ര റോഡ് നിർമ്മാണം

223 (3974) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി - മഞ്ഞപ്ര റോഡിന്റെ 5 കോടി രൂപ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly